**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാഗാന്ധി സർവകലാശാലയിൽ പ്രവത്തനമാരംഭിച്ച സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് - നിർവാഹക സമിതി യോഗത്തിന്റെ ശുപാർശകൾ നടപ്പാക്കുന്നത് -അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 4264/AC A 5/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.09.2019

---

പരാമർശം:-സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട 08/05/2019- ന വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന നിർവാഹക സമിതിയുടെ യോഗത്തിന്റെ നടപടികുറിപ്പ്

**<u>ഉത്തരവ്</u>**

സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചേർന്ന നിർവാഹക സമിതി യോഗം, പരാമർശപ്രകാരം താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു .

1. ALS അക്കാദമിയുടെ South Indian Head ആയ ശ്രീ A U Prasad, അക്കാദമിയെക്കുറിച്ചും അവരുടെ ഓൺലൈൻ ക്ളാസ്സുകളെ പറ്റിയും ഇവിടെ ക്ളാസ് നടത്തുന്നതിനുള്ള അവരുടെ ഉപാധികളും നിബന്ധനകളും കമ്മറ്റി മുൻപാകെ വിശദമായി അവതരിപ്പിക്കുകയും, മെയിൻ കം പ്രീലിമിനറി കോഴ്സിന് ₹40,000/- (നാൽപതിനായിരം രൂപ മാത്രം ), ഫൌണ്ടേഷൻ കോഴ്സിന് ₹20,000/- (ഇരുപതിനായിരം രൂപ മാത്രം ) എന്ന നിരക്കിൽ റെഗുലർ കോഴ്സുകൾ സർവകലാശാലയിൽ നടത്താമെന്നു അറിയിക്കുകയും ചെയ്തു . നിലവിൽ ALS ന്റെ ക്ളാസ്സുകൾ നടത്തുന്ന കോളേജുകൾ സന്ദർശിച്ച് റിപ്പോർട്ട് രണ്ടാഴ്ചക്കകം അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുൻപാകെ അവതരിപ്പിക്കാൻ ഡയറക്ടർക്കു നിർദ്ദേശം നൽകുന്നതിനു ശുപാർശ ചെയ്തു. ALS ന്റെ ഓൺലൈൻ ക്ളാസ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച തീരുമാനം അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി കൂടിയതിനു ശേഷം എടുക്കാവുന്നതാണ് എന്ന് ശുപാർശ ചെയ്തു.

2.സിവിൽ സർവിസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ നടത്തിപ്പിനായി ജൂൺ മാസത്തിനു മുൻപായി മാസ്സ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം പ്രവർത്തിച്ചിരുന്ന കെട്ടിടം ഒഴിപ്പിച്ച് സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന് അടിയന്തിരമായി കൈമാറാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് ശുപാർശ ചെയ്തു .

3.സിവിൽ സർവിസ് മെയിൻ ക്ലാസുകൾ ജൂൺ 5 ന തുടങ്ങി ഓഗസ്റ്റ് 31 ന് അവസാനിപ്പിക്കുന്നതിനും ജോഗ്രഫി, ഇക്കണോമിക്സ്, സോഷ്യോളജി, മലയാളം, പൊളിറ്റിക്കൽ സയൻസ് ,ഇന്റർനാഷണൽ റിലേഷൻസ്, ഹിസ്റ്ററി, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ വിഷയങ്ങളിൽ തിങ്കൾ മുതൽ വെള്ളി വരെ ദിവസങ്ങളിൽ ക്ലാസുകൾ നടത്തുന്നതിനും, ജനറൽ കാറ്റഗറിയിൽ ഉള്ള വിദ്യാർത്ഥികളിൽ നിന്നും ₹40,000/- (നാല്പതിനായിരം രൂപ മാത്രം ), പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും ₹20,000/- (ഇരുപതിനായിരം രൂപ മാത്രം ) നിരക്കിലും ഫീസ് ഈടാക്കുന്നതിനും ശുപാർശ ചെയ്തു.

Draft #1 of File 30059/AC A5/3/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 03-Sep-2019 11:40 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മെയിൻ ക്ലാസ്സുകൾക്കുള്ള നോട്ടിഫിക്കേഷൻ 12/05/2019 ന നൽകുന്നതിനും , 27/05/2019 ന നോട്ടിഫിക്കേഷൻ ക്ലോസ് ചെയ്യുന്നതിനും ശുപാർശ ചെയ്യു. ഓരോ വിഷയവും പഠിപ്പിച്ചു തീർക്കുന്നതിനായി അദ്ധ്യാപകർക്ക് ₹50,000/- (അൻപ തിനായിരം രൂപ മാത്രം ) വേതനം നൽകുക, ഓരോ വിഷയത്തിനും അഞ്ചു പേരിൽ കുറയാത്ത പാനൽ തയ്യാറാക്കി വൈസ് ചാൻസലറുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തുക,ഒരു വിഷയത്തിനു കുറഞ്ഞത് മൂന്ന് പേരെങ്കിലും ഇല്ലാതെ ക്ലാസ് നടത്തുന്നതല്ല എന്നും ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

4. സിവിൽ സർവീസിന്റെ ശനി , ഞായർ ദിവസങ്ങളിൽ നടത്തുന്ന പ്രിലിംസ് കം മെയിൻസിന്റെ ക്ലാസ്സുകളുടെ ഫീസും നടത്തിപ്പും നിലവിലുള്ളത് പോലെ തുടരാനും പുതിയ ബാച്ചിന്റെ അഡ്മിഷൻ എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ നടത്തുവാനും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനും ശുപാർശ ചെയ്യു. പ്രിലിംസ് കം മെയിൻസിന്റെ അപേക്ഷ 20/05/2019 ന് നോട്ടിഫൈ ചെയ്യുന്നതിനും 10/06/2019-ന ക്ലോസ് ചെയ്യുന്നതിനും ശുപാർശ ചെയ്യു. എഴുത്തുപരീക്ഷ 16/06/2019 ന നടത്തുന്നതിനും റാങ്ക് ലിസ്റ്റ് 02/07/2019 ന പ്രസിദ്ധീകരിക്കുന്നതിനും ശുപാർശ ചെയ്യു. പരീക്ഷ നടത്തിപ്പിന് സഹായിക്കാൻ പരീക്ഷ നടത്തിപ്പുമായി പരിചയമുള്ള സർവ്വകലാശാല ഉദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തുന്നതിനും ഈ വർഷത്തെ പ്രിലിംസ് കം മെയിൻസിന്റെ ക്ലാസുകൾ ജൂലൈ 14 ന തുടങ്ങുന്നതിനും ശിപാർശ ചെയ്യു.

5.അവധിക്കാല ഓറിയന്റേഷൻ ക്ലാസ്സുകൾ നടത്തുക; 10,11,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി 25/05/2019 നും, ഡിഗ്രി തലം മുതലുള്ള വിദ്യാർത്ഥികൾക്കായി 26/05/2019 നും ഓറിയന്റേഷൻ ക്ലാസുകൾ നടത്തുക, രജിസ്ട്രേഷൻ ഫീസ് ₹200/- (ഇരു നൂറ് രൂപ മാത്രം) ഈടാക്കുവാനും ശുപാർശ ചെയ്യു..

6.ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമിക്ക് കൺസൾട്ടന്റിന്റെയും കോഴ്സ് കോർഡിനേറ്ററുടെയും കാലാവധി ജൂൺ 30 ന തീരുന്നതിനാൽ അവരുടെ കാലാവധി ഒരു വർഷം കൂടി നീട്ടികൊടുക്കുന്നതിന് യോഗം ശുപാർശ ചെയ്യു.

7.എക്സിക്യൂട്ടിവ് ധനകാര്യ ഉപസമിതി കൺവീനറായ ഡോ കെ ഷെറഫുദീന് പകരമായി പുതിയൊരു അംഗത്തെ നിർദ്ദേശിക്കുവാനുള്ള തീരുമാനം അടുത്ത എക്സിക്യൂട്ടിവ് കമ്മിറ്റിയിൽ എടുക്കുന്നതിനായി മാറ്റിവയ്ക്കുന്നതിന് ശിപാർശ ചെയ്യു.

8.സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്ന സ്ഥലത്ത് മുൻപ് CELS ആയിരുന്നു പ്രവർത്തിച്ചിരുന്നത്. ലാൻഡ് ലൈൻ കണക്ഷന്റെ ബില്ലായ ₹444/- (നാനൂറ്റി നാല്പത്തി നാല് രൂപ മാത്രം )ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫണ്ടിൽ നിന്നും അടച്ചു കണക്ഷൻ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ പുനഃ സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്യു .

9. Gandhian Thought And Development Studies- സെമിനാർ ഹാളിൽ ക്ലാസ് നടന്നുകൊണ്ടിരുന്നപ്പോൾ പ്രവർത്തനരഹിതമായ പ്രൊജക്ടറിന്റെ ലാംപ്, Gandhian Thought And Development Studies ന്റെ ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച്, ഇൻസ്റ്റിയൂട്ടിന്റെ ഫണ്ടിൽ നിന്നും ₹17,500/- (പതിനേഴായിരത്തി അഞ്ഞൂറു രൂപ മാത്രം ) നൽകിക്കൊണ്ട് നന്നാക്കി കൊടുത്തതു അംഗീകരിക്കുന്നതിനു ശുപാർശ ചെയ്യു.

10.പുതിയ കോഴ്സുകൾ വരുന്ന മുറക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇൻഫർമേഷൻ ബ്രോഷർ പുതുക്കി ഇറക്കുവാൻ ശുപാർശ ചെയ്യു.

11.പുതുതായി നിർമിക്കുന്ന അക്കാദമിക്ക് കോംപ്ലക്സിൽ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥലം കണ്ടെത്തി നൽകുന്നതിന് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

Draft #1 of File 30059/AC A5/3/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 03-Sep-2019 11:40 PM - Page 2

നിർവാഹക സമിതിയുടെ യോഗത്തിന്റെ മേൽ ശുപാർശകൾ വൈസ് ചാൻസലർ (i/c) അംഗീകരിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും/സെക്ഷനുകൾക്കും
2. ഡയറക്ടർ ,സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്
3. വകുപ്പ് മേധാവി,DLLE
4. വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പി.എസ്.
5. രജിസ്ട്രാറുടെ പി.എ./പരീക്ഷാ കൺട്രോളറുടെ പി.എ./ഫിനാൻസ് ഓഫീസറുടെ പി.എ.
6. ജെ.ആർ II/ഡി.ആർ II/എ.ആർ III (അക്കാദമിക്)
7. ഫിനാൻസ് ഓഡിറ്റ് I/II/III/IV
8. എസി.സി I
9. കണ്ടെന്റ് മാനേജ്മെന്റ്/IQAC

Draft #1 of File 30059/AC A5/3/2019/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 03-Sep-2019 11:40 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം